LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ&ബി) ഇപ്പോൾ നിലവിലുള്ള കേരള മൂല്യവർദ്ധിത നികുതി നിയമത്തിനും കേന്ദ്ര സർവ്വീസ് ടാക്സ് നിയമത്തിനുംകീഴിലുള്ളവർ ചരക്ക് സേവന നികുതി നിയമത്തിന്റെ പരിധിയിൽ വരും. വാർഷിക വിറ്റുവരവ് പരിധി പത്ത് ലക്ഷം രൂപയായി നിജപ്പെടുത്തിയാണ് ചർച്ചകൾ പുരോഗമിക്കുന്നത്. നികുതി നിരക്കുകളെ സംബന്ധിച്ച് ഇപ്പോഴും തീരുമാനമായിട്ടില്ല. ഇപ്പോഴുള്ള നികുതി ഒഴിവുകൾ തുടരാനാണ് സാധ്യത. ചരക്ക് സേവന നികുതിയിൽ നിലവിലുള്ള വിവിധ നികുതി നിയമങ്ങളുടെ ലയനവും പുന:ക്രമീകരണവുമാണ് പൊതുവായി ഉദ്ദേശിച്ചിട്ടുള്ളത്. അതിനാൽ നികുതി നിരക്കിന്റെ കാര്യത്തിലല്ലാതെ മറ്റ് കാര്യങ്ങളിൽ വ്യാപാര നിർമ്മാണ മേഖലകളിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം പ്രതീക്ഷിക്കുന്നില്ല. കരട് നിയമങ്ങളും ചട്ടങ്ങളും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയശേഷം വിവിധ വ്യാപാര സംഘടനകളും /സ്ഥാപനങ്ങളുമായി ചർച്ചചെയ്തശേഷം മാത്രമേ ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണം സാധ്യമാകൂ എന്നാണ് നിലപാട്.

(സി) പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ വരുമാനത്തിൽ ചരക്ക് സേവന നികുതി നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഉത്പാദകൻ മുതൽ അവസാന ഉപഭോക്താവ് വരെയുള്ള ഒരു തുടർ ശൃംഖല സൃഷ്ടിച്ച് മുഴുവൻ ശൃംഖലയിലും സെറ്റ് ഓഫ് ലഭിക്കുന്ന വിധത്തിലാണ് ചരക്ക് സേവന നികുതി രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിനായി ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയുംമേൽ നിലവിലുള്ള കേന്ദ്ര സംസ്ഥാന നികുതികൾ ഏകീകരിക്കുന്നതാണ്. അതിനാൽ ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ നികുതിക്കുമേൽ നികുതി എന്ന അവസ്ഥ മാറുന്നതിനാൽ ഉത്പന്നങ്ങളുടെമേലുള്ള നികുതി ഭാരം ഗണ്യമായി കുറയുമെന്നും അതുവഴി അവശ്യ സാധനങ്ങളുടെ വില കുറയുമെന്നും പ്രതീക്ഷിക്കുന്നു. പക്ഷേ ഇത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ അകറ്റുന്നതിന് ആവശ്യമായ ഭേദഗതി ചർച്ചകളിലൂടെ വരുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

(ഡി) കരട് നിയമം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. എംപവേർഡ് കമ്മിറ്റി കരട് നിയമം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു.

## റവന്യൂ കമ്മി ഗ്രാന്റ്

**79 (84)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; അതിൽ ഏതെല്ലാം സർക്കാർ പാലിക്കുകയുണ്ടായി ;

(ബി) റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക എത്ര ; 2015-16-ന് എത്രയായിരുന്നു അർഹതയുണ്ടായിരുന്നത് ; ലഭിച്ചത് എത്ര ;

(സി) അതിന്റെ ഭാഗമായി റവന്യൂ കമ്മിയിൽ എത്ര കുറവ് വരുകയുണ്ടായി ; 2015 -16-ൽ റവന്യൂ കമ്മി എത്ര കോടി ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നത് ; അത് എത്രയായിതീർന്നിട്ടുണ്ട് ?

ഉത്തരം

(എ) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്ക് മാത്രമായി കേരള സംസ്ഥാനത്തിനായി വകയിരുത്തിയിരിക്കുന്ന റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേയ്ക്കായി പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേകിച്ച് വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ബി) റവന്യൂ കമ്മി ഗ്രാന്റ്, ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക 9519 കോടി രൂപയാണ്. 2015-16-ന് 4640 കോടി രൂപ അർഹതയുണ്ടായിരുന്നു. ഇതിൽനിന്നും 2015 നവംബർ വരെ 3093.36 കോടിരൂപ ലഭിച്ചിട്ടുണ്ട്.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ ഭാഗമായി റവന്യൂ കമ്മിയിലുണ്ടാകുന്ന കുറവ് ഇപ്പോൾ വിലയിരുത്തിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം അവസാനിക്കുന്നമുറയ്ക്ക് ഇതിന്റെ കണക്കുകൾ കണക്കാക്കുന്നതാണ്. 2015-16-ൽ റവന്യൂ കമ്മി 7831.92 കോടി രൂപ ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷം സെപ്റ്റംബർ വരെ അത് 2594 കോടി രൂപ ആയിത്തീർന്നിട്ടുണ്ട്.

## റവന്യൂ കമ്മി കുറയ്ക്കാൻ നടപടികൾ

**80 (85)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി കുറച്ച്കൊണ്ട് വരാൻ ഈ സർക്കാർ നടപ്പാക്കിയ ഫലപ്രദമായ ഏതെങ്കിലും നടപടികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നവർഷം റവന്യൂ കമ്മി എത്രയായിരുന്നു ; അതിപ്പോൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly